മധുരമായ കുട്ടികളെ - നിങ്ങള് കര്മ്മ യോഗികളാണ്, കര്മ്മം ചെയ്തുകൊണ്ടും ബാബയുടെ ഓര്മ്മയില് കഴിയൂ, ഓര്മ്മയില് കഴിയുന്നതിലൂടെ ഒരു വികര്മ്മവും ഉണ്ടാകില്ല

ചോദ്യം :- ബാബയോട് ബുദ്ധിയോഗം വെയ്ക്കാന് സാധിക്കാത്തതിന്റെ മുഖ്യമായ ഒരു കാരണമുണ്ട്- അത് ഏതാണ്?

ഉത്തരം :- ലോഭം. ഏതെങ്കിലും വിനാശീ വസ്തുക്കളില് ലോഭമുണ്ടെങ്കില്, കഴിക്കാനുള്ളതിന്റെയോ, ധരിക്കാനുള്ളതിന്റെയോ താത്പര്യമുണ്ടെങ്കില് അവരുടെ ബുദ്ധി ബാബയുമായി വയ്ക്കാന് സാധിക്കില്ല അതിനാല് ബാബ വിധി പറഞ്ഞ് തരുന്നു, കുട്ടികളെ ലോഭം വെയ്ക്കൂ - പരിധിയില്ലാത്ത ബാബയില് നിന്ന് സമ്പത്തെടുക്കുന്നതിന്റെ. ബാക്കി ഒരു വസ്തുവിലും ലോഭം വയ്ക്കരുത്. അല്ലെങ്കില് ഏത് വസ്തുവിലാണോ കൂടുതല് സ്നേഹമുള്ളത് ആ വസ്തു തന്നെ അന്തിമത്തിലും ഓര്മ്മ വരും പദവിയും ഭ്രഷ്ടമാകും.

ഗീതം :- ഉണരൂ പ്രിയതമകളേ ഉണരൂ. . .

ഓം ശാന്തി. ഇപ്പോള് ഇത് കുട്ടികള്ക്കറിയാം ഒപ്പം മുഴുവന് ലോകത്തിലും എല്ലാവരും പറയുന്നുമുണ്ട് നമ്മള് പരസ്പരം ഭായി-ഭായിമാരാണ്. വീ ആര് ഓള് ബ്രദേഴ്സ്. എന്നാല് എന്തുകൊണ്ടാണ് ആ ആത്മാക്കള്ക്ക് നമ്മളെല്ലാവരും ആ ഒരു അച്ഛന്റെ മക്കളാണെന്ന് മനസ്സിലാകാത്തത്. ബാബ രചയിതാവാണ്, നമ്മള് രചനകളാണ്. നമ്മള് സഹോദരങ്ങളാണെന്ന് മൃഗങ്ങള് പറയില്ല. നമ്മള് സഹോദരങ്ങളാണെന്ന് മനുഷ്യര് തന്നെയാണ് മനസ്സിലാക്കുകയും പറയുകയും ചെയ്യുന്നത്. രചയിതാവായ ബാബ ഒന്നാണ്. അവരെയാണ് പരംപിതാ പരമാത്മാവെന്ന് പറയുന്നത്. സഹോദരിയെ സഹോദരനെന്ന് പറയാന് സാധിക്കില്ല. എപ്പോഴാണോ എല്ലാവരും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നത് അപ്പോഴാണ് നമ്മള് പരസ്പരം സഹോദര-സഹോദരങ്ങളാണെന്ന് പറയുന്നത്. ആത്മാവിനെ കൂടാതെ ഒന്നും തന്നെ സാധ്യമല്ല. ഒരച്ഛന് ഇത്രയും ശാരീരിക കുട്ടികള് ഉണ്ടാകുക സാധ്യമല്ല. ഇപ്പോള് നമ്മള് പരസ്പരം സഹോദരങ്ങളാണെന്ന് നിങ്ങള്ക്ക് നല്ല രീതിയില് ഓര്മ്മയുണ്ട്. അച്ഛനിരുന്ന് കിട്ടികളെ പഠിപ്പിക്കുന്നു. ഭഗവാനുവാ- അല്ലയോ കുട്ടികളേ, എങ്കില് ധാരാളം പേരെ പഠിപ്പിക്കുന്നില്ലേ. കേവലം അല്ലയോ അര്ജ്ജുനാ എന്നല്ല പറയുക, ഒരാളുടെ പേരല്ല പറയുക. എല്ലാവരെയും പഠിപ്പിക്കുന്നു. സ്കൂളില് അദ്ധ്യാപകന് പറയില്ലേ - അല്ലയോ കുട്ടികളേ, നല്ലരീതിയില് പഠിക്കൂ. വിദ്യാര്ത്ഥികള് തന്നെയാണ്. എന്നാല് ടീച്ചര് മുതിര്ന്നതാണ്, വൃദ്ധനാണ് അതുകൊണ്ടാണ് വിദ്യാര്ത്ഥികളെ കുട്ടികളേ, കുട്ടികളേ എന്ന് വിളിക്കുന്നത്. അവിടെ ആരും സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കുന്നില്ല. അവിടെ ഭൗതീക സംബന്ധം തന്നെയാണുള്ളത്. ഏതുപോലെയാണോ ഗാന്ധിക്ക് ബാപ്പുവിന്റെ സ്ഥാനം നല്കിയത്. മേയറെയും പിതാവെന്ന് പറയുന്നു. ഇങ്ങനെയുള്ള സ്ഥാനം ധാരാളം പേര്ക്ക് നല്കുന്നുണ്ട്. ഇവിടെ നിങ്ങള് നമ്മള് സഹോദര- സഹോദരങ്ങളാണെന്ന് മനസ്സിലാക്കുന്നുണ്ട്. എങ്കില് സഹോദരങ്ങളുടെ പിതാവും തീര്ച്ചയായും ഉണ്ടായിരിക്കണം. എല്ലാ ആത്മാക്കള്ക്കും അറിയാം അത് നമ്മുടെ പിതാവാണ് അവരെയാണ് ഗോഡ് ഫാദറെന്ന് പറയുന്നത്. ആത്മാവാണ് ഇതെന്റെ ആത്മീയ പിതാവാണെന്ന് പറയുന്നത്. ലൗകിക പിതാവിനെ ഭഗവാനെന്ന് പറയില്ല. നമ്മള് ആത്മാക്കളാണെന്ന് നിങ്ങള്ക്കറിയാം. ബാബ നമ്മളെ പഠിപ്പിക്കുന്നതിനായി വന്നിരിക്കുന്നു അര്ത്ഥം പതിതരെ പാവനമാക്കുന്നതിന് വന്നിരിക്കുന്നു. നമ്മളെ പതിതത്തില് നിന്ന് പാവനമാക്കി പിന്നീട് പാവനലോകത്തിന്റെ അധികാരിയാക്കുന്നു. ഈ കാര്യങ്ങള് ആരും തന്നെ അറിയുന്നില്ല. ഇവിടെ നിങ്ങള് കുട്ടികള് അറിഞ്ഞിട്ടും പിന്നീട് കര്മ്മം ചെയ്യുമ്പോള് മറന്ന് പോകുന്നു. ഓര്മ്മയിലിരിക്കുകയാണെങ്കില് വികര്മ്മമുണ്ടാകില്ല. നിങ്ങള് കര്മ്മയോഗിയാണ്. സന്യാസിമാരുടേത് കര്മ്മ സന്യാസമാണ്. കേവലം ബ്രഹ്മ തത്വത്തോട് യോഗം വെയ്ക്കുന്നു. എന്നാല് മുഴുവന് ദിവസവും യോഗം വെയ്ക്കാന് സാധിക്കില്ല. ബ്രഹ്മത്തിലേക്ക് പോകുന്നതിനായാണ് യോഗം വെയ്ക്കുന്നത്. ബ്രഹ്മത്തെ ഓര്മ്മിക്കുന്നതിലൂടെ നമ്മള് ബ്രഹ്മത്തില് ലയിക്കുമെന്ന് കരുതുന്നു. എന്നാല് മുഴുവന് ദിവസവും ഓര്മ്മിക്കുവാനും സാധിക്കില്ല ആ ഓര്മ്മയിലൂടെ വികര്മ്മവും വിനാശമാകില്ല. പതിത-പാവനനെന്ന് മഹിമയുണ്ട്. അച്ഛന് അച്ഛന് തന്നെയാണ്. പതിത-പാവന ബ്രഹ്മമെന്നോ പതിത-പാവന തത്വമെന്നോ പറയില്ല. എല്ലാവരും ബാബയെ തന്നെയാണ്

പതിത-പാവനനെന്ന് പറയുന്നത്. ബ്രഹ്മത്തെ ആരും പിതാവെന്ന് പറയില്ല. ബ്രഹ്മത്തെ തപസ്സും ചെയ്യില്ല. ശിവനെയാണ് തപസ്സ് ചെയ്യുന്നത്. ശിവന്റെ ക്ഷേത്രവുമുണ്ട്. എന്താ തത്വത്തിന്റെ ക്ഷേത്രമുണ്ടാക്കാന് സാധിക്കുമോ? ബ്രഹ്മത്തില് അണ്ഡാകൃതിയില് ആത്മാക്കള് നിവസിക്കുന്ന അതുകൊണ്ടാണ് ശാസ്ത്രങ്ങളില് ബ്രഹ്മാണ്ഡമെന്ന് പറഞ്ഞിരിക്കുന്നത്. അല്ലാതെ ഇങ്ങനെയൊരു പേരില്ല. അത് വീടാണ്, ഏതുപോലെയാണോ ആകാശ തത്വത്തില് ഇത്രയുമധികം മനുഷ്യര് വസിക്കുന്നത് അതുപോലെ അവിടെ ആത്മാക്കള് വസിക്കുന്നു. നിങ്ങള്ക്കറിയാം നമ്മള് ബാബയില് നിന്ന് ഡ്രാമയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനം നേടി മുഴുവന് രഹസ്യത്തെയും അറിഞ്ഞ്, മുഴുവന് വൃക്ഷത്തിന്റെ ജ്ഞാനം മനസ്സിലാക്കി മാസ്റ്റര് ബീജരൂപനാകുന്നു. പരംപിതാ പരമാത്മാവില് മുഴുവന് ജ്ഞാനവുമുണ്ട്, നമ്മള് ആ പരംപിതാവിന്റെ മക്കളാണ്. ആ ബാബ നമുക്കിരുന്ന് മനസ്സിലാക്കി തരുന്നു. ഈ കല്പവൃക്ഷത്തിന്റെ ഉത്പത്തിയും, പാലനയും, സംഹാരവും എങ്ങനെയാണ് ഉണ്ടാകുന്നത്, ഉത്പത്തിയെന്ന് പറയുന്നതിലൂടെ പുതിയ ലോകം ഉണ്ടാക്കുന്നത് പോലെയാണ്. സ്ഥാപനയെന്ന വാക്കാണ് ശരി. ബ്രഹ്മാവിലൂടെ പതിതരെ പാവനമാക്കുന്നു. പതിത-പാവനനെന്ന അക്ഷരം തീര്ച്ചയായും വേണം. സത്യയുഗത്തില് എല്ലാവരും സദ്ഗതിയിലാണ്, കലിയുഗത്തില് എല്ലാവരും ദുര്ഗതിയിലാണ്. എന്തുകൊണ്ട്, എങ്ങനെയാണ് ദുര്ഗതി സംഭവിച്ചത്? ഇതാര്ക്കും അറിയില്ല. സര്വ്വരുടെയും സദ്ഗതി ദാതാവ് ഒന്നാണെന്ന് പാടുന്നുണ്ട്. ആത്മാവ് മനസ്സിലാക്കുന്നുണ്ട് - ഇതൊരു കളിയാണ്. ബാബയുടെ മഹിമ പാടുന്ന "സദാ ശിവന്". സുഖം നല്കുന്ന ശിവന്, ദുഃഖഹര്ത്താ സുഖ കര്ത്താവെന്നും പാടുന്നുണ്ട്. ഭാരതത്തില് ലക്ഷ്മീ-നാരായണന്റെ രാജ്യമായിരുന്നു. ഇപ്പോളില്ല. ലക്ഷ്മീ-നാരായണനെ ഭഗവതി ഭഗവാനെന്നാണ് പറയുന്നത്, അവരുടെ രാജധാനി ആരാണ് സ്ഥാപിച്ചത്? ഭഗവാന് നിരാകാരനാണ്, ആ ഭഗവാനില് നിന്നാണ് ആത്മാക്കള് സമ്പത്ത് നേടുന്നത്. ആത്മാവ് തന്നെയാണ് 84 ജന്മങ്ങളെടുത്ത് വീണ് വരുന്നത്. വീണ്-വീണ് ദുര്ഗതി പ്രാപിക്കുന്നു. പരമാത്മാവ് സര്വ്വ വ്യാപിയല്ല ഈ കാര്യം മനസ്സിലാക്കി കൊടുക്കണം. ആ പിതാവ് സദ്ഗതി ദാതാവാണ്, നമ്മളെല്ലാവരും സഹോദരങ്ങളാണ്, അല്ലാതെ പിതാക്കന്മാരല്ല. പിതാവ് സഹോദരങ്ങളുടെ രൂപം ധരിച്ചുവെന്ന് ഒരിക്കലും പറയാറില്ല. അതുകൊണ്ട് ആദ്യം ഇത് മനസ്സിലാക്കി കൊടുക്കൂ പരംപിതാ പരമാത്മാവുമായി നിങ്ങള്ക്ക് എന്ത് സംബന്ധമാണുള്ളത്? ലൗകിക സംബന്ധത്തെ എല്ലാവര്ക്കുമറിയാം. ആത്മാക്കളുടേത് നിരാകാരനായ അച്ഛനാണ്. അവരെയാണ് ഹെവന്ലി ഗോഡ് ഫാദറെന്ന് പറയുന്നത്. പിതാവ് തീര്ച്ചയായും പുതിയ രചനയുടെ അധികാരിയാക്കിയിട്ടുണ്ടായിരിക്കും. ഇപ്പോള് നമ്മള് അധികാരിയല്ല. നമ്മള് സുഖികളായിരുന്നു. ആരാണ് ദുഃഖിയാക്കിയത്? ഇതറിയില്ല. അരകല്പം രാവണന്റെ രാജ്യം നടന്നു അങ്ങനെ ഭാരതത്തിന്റെ അവസ്ഥ ഇങ്ങനെയായി. ഭാരതം പരംപിതാ പരമാത്മാവിന്റെ ജന്മ സ്ഥാനമാണ്. ഭാരതത്തില് ഭഗവാന് വന്നിരിക്കുന്നു. തീര്ച്ചയായും സ്വര്ഗ്ഗം സ്ഥാപിച്ചിട്ടുണ്ടായിരിക്കും. ശിവ ജയന്തിയും ആഘോഷിക്കുന്നുണ്ട്. നിങ്ങള്ക്ക് എഴുതാനും സാധിക്കും - ഞങ്ങള് ഇങ്ങനെയുള്ള ആളുടെ ജന്മ ദിനം ആഘോഷിക്കുകയാണ്. അപ്പോള് മനുഷ്യര് അദ്ഭുതപ്പെടും, ഇവരെന്താണ് പറയുന്നത്? ആശംസകളും നല്കൂ. പറയൂ ഞങ്ങള് പതിത-പാവനന്, സദ്ഗതി ദാതാ പരംപിതാ പരമാത്മാ ശിവന്റെ ജയന്തി ആഘോഷിക്കുകയാണ്. ആ ദിവസം വളരെ ആഘോഷിക്കണം. എന്താ സര്വ്വരുടെയും സദ്ഗതി ദാതാവിന്റെ ജയന്തി കുറഞ്ഞ കാര്യമാണോ? വിമാനത്തിലൂടെ വലിയ-വലിയ നഗരങ്ങളില് പത്രിക വിതറണം. അപ്പോള് പത്രത്തിലും വരും. വളരെ മനോഹരങ്ങളായ കാര്ഡുകള് ഉണ്ടാക്കണം. അതി സ്നേഹിയായ ബാബയുടെ വളരെ മഹിമകള് എഴുതണം. ഭാരതത്തെ വീണ്ടും സ്വര്ഗ്ഗമാക്കുന്നതിന് വന്നിരിക്കുന്നു. ആ ബാബ രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. സമ്പത്തും നല്കുന്നു. വളരെ ആര്ഭാടത്തോടെ ശിവജയന്തിയുടെ കാര്ഡുകള് അടിക്കണം. പ്ലാസ്റ്റിക്കിലും അടിക്കാന് സാധിക്കും. എന്നാല് വെറും ചെറിയ ബുദ്ധിയാണ്, രാജാവും റാണിയും കോടിയില് ചിലര് മാത്രമാണാകുക. ബാക്കി അശ്രദ്ധരായ ആരെല്ലാമാണോ അവര് തീര്ച്ചയായും പ്രജയാകും. മാല 108-ന്റേതാണ്, ബാക്കി പ്രജ ധാരാളമുണ്ടായിരിക്കും. ഞാന് അശ്രദ്ധനാണണെന്ന് പറഞ്ഞിരിക്കരുത്, നന്നായി പുരുഷാര്ത്ഥം ചെയ്യണം. ബാബ വളരെയധികം മനസ്സിലാക്കി തരുന്നുണ്ട് എന്നാല് പ്രയോഗത്തില് കൊണ്ട് വരുന്നത് വളരെ വിരളമാണ്. ഇവിടെ സ്വയം അള്ളാഹുവിന്റെ കുട്ടിയാണെന്ന് മനസ്സിലാക്കുന്നു, പുറത്തിറങ്ങുന്നതിലൂടെ മായ വിഡ്ഢിയാക്കുന്നു, ഇത്രയും കടുത്തതാണ് മായ. രാജ പദവി നേടുന്ന വളരെ കുറച്ച് പേരാണ് ഉണ്ടാകുന്നത്. ചന്ദ്രവംശിയെയും തോറ്റവരെന്ന് തന്നെ പറയും. നിങ്ങള്ക്ക് എല്ലാവരുടെയും പഠിപ്പിനെക്കുറിച്ചും പദവിയെക്കുറിച്ചുമറിയാം. ലോകത്തില് രാമചന്ദ്രന്റെ പദവിയെക്കുറിച്ച് ആര്ക്കെങ്കിലും അറിയുമോ? ബാബ നല്ല രീതിയില് മനസ്സിലാക്കി തരുന്നു. എങ്ങനെ നമുക്ക് ശിവ ജയന്തിക്ക് വേണ്ടി ഒന്നാന്തരം ക്ഷണക്കത്തുണ്ടാക്കാം അതിലൂടെ മനുഷ്യര് ആകൃഷ്ടരാകണം. വിചാര സാഗര മഥനത്തെക്കുറിച്ച് പാടിയിട്ടുണ്ട്. ശിവബാബയ്ക്ക് വിചാര സാഗര മഥനം

നടത്തേണ്ടതില്ല. ഇത് കുട്ടികളുടടെ ജോലിയാണ്. ബാബ നിര്ദ്ദേശം നല്കുന്നു - ആരുടെയെങ്കിലും ബുദ്ധിയില് വന്നിട്ടും ചെയ്യുന്നില്ലെങ്കില് ബാബ അവരെ വിഡ്ഢിയെന്ന് പറയും. കുട്ടികള്ക്കറിയാം പരംപിതാ പരമാത്മാവ് നമ്മളെ ബ്രഹ്മാവിലൂടെ വിഷ്ണുപുരിയുടെ അധികാരിയാക്കുകയാണ്. ശങ്കരനിലൂടെ വിനാശവും സംഭവിക്കണം. ത്രിമൂര്ത്തി മുകളില് നില്ക്കുന്നുണ്ട്.

ആത്മീയ യാത്ര പഠിപ്പിക്കുന്ന നിങ്ങളെല്ലാവരും വഴികാട്ടികളാണ്. സത്യമേവ ജയതേ. . . എന്ന് നിങ്ങള്ക്കും എഴുതാന് സാധിക്കും. തീര്ത്തും സത്യമായ ബാബ നമ്മളെ വിജയം നേടാന് പഠിപ്പിക്കുന്നു അഥവാ വിജയം പ്രാപ്തമാക്കിക്കുന്നു. ആരെങ്കിലും വിരോധം പ്രകടിപ്പിക്കുകയാണെങ്കില് അവര്ക്കും മനസ്സിലാക്കി കൊടുക്കണം. ശിവജയന്തി എങ്ങനെ ആഘോഷിക്കണമെന്നതില് ബാബയ്ക്ക് ചിന്ത നടന്നു. ഗീതയുടെ ഭഗവാന് ശിവനാണ്, അല്ലാതെ കൃഷ്ണനല്ല - ഇത് വളരെ പ്രചരിപ്പിക്കണം. അത് രചയിതാവാണ്, ഇത് രചനയാണ്. സമ്പത്ത് ആരില് നിന്ന് ലഭിക്കും? ശ്രീകൃഷ്ണന് ആദ്യത്തെ രചനയാണ്. സാഗരത്തില് ആലിലയില് കൃഷ്ണന് വന്നതായി കാണിക്കുന്നുണ്ട്. ഇത് ഗര്ഭ കൊട്ടാരത്തിന്റെ കാര്യമാണ്. സ്വര്ഗ്ഗത്തില് ഗര്ഭ കൊട്ടാരത്തില് വളരെ ആനന്ദമായിരിക്കും. ഇവിടെ നരകത്തില് ഗര്ഭ ജയിലില് കഷ്ടപ്പാടാണ്. സത്യയുഗത്തില് ഗര്ഭ കൊട്ടാരവും കലിയുഗത്തില് ഗര്ഭ ജയിലുമാണ്. കൃഷ്ണന്റെ ചിത്രം എത്ര നല്ലതാണ്. നരകത്തെ തട്ടിത്തെറിപ്പിക്കുന്നു. കൃഷ്ണന്റെ 84 ജന്മങ്ങളും എഴുതിയിട്ടുണ്ട്. ഭഗവാനുവാചാ, നിങ്ങള് നിങ്ങളുടെ ജന്മങ്ങളെക്കുറിച്ചറിയുന്നില്ല, ഞാന് നിങ്ങള്ക്ക് പറഞ്ഞ് തരുന്നു. ആരാണോ പൂര്ണ്ണമായും 84 ജന്മങ്ങള് എടുത്തിട്ടുള്ളത് അവര്ക്ക് തന്നെയാണ് മനസ്സിലാക്കി തരുന്നത്. എത്ര എളുപ്പമാണ്. ഒപ്പം നല്ല സ്വഭാവവും ആവശ്യമാണ്. ലോഭം വയ്ക്കണം - പരിധിയില്ലാത്ത ബാബയില് നിന്ന് സമ്പത്തെടുക്കുന്നതിന്റെ മറ്റൊരു വസ്തുവിന്റെയും ലോഭം വയ്ക്കരുത,് അതുകൊണ്ട് ബുദ്ധി പോകുന്ന തരത്തിലുള്ള ഒരു വസ്തുവും തന്റെ പക്കല് വയ്ക്കരുത്. അല്ലെങ്കില് പദവി ഭ്രഷ്ടമാകും. ദേഹ സഹിതം എന്തെല്ലാമാണോ ഉള്ളത് എല്ലാത്തില് നിന്നും ബുദ്ധി വേര്പെടുത്തണം. ഒരു ബാബയെ ഓര്മ്മിക്കണം. ആരെങ്കിലും ധാരാളം ഫര്ണ്ണിച്ചറുകള് വാങ്ങി സൂക്ഷിക്കുന്നവരാണെങ്കില് മരിക്കുന്ന സമയം അത് തന്നെ ഓര്മ്മവന്നുകൊണ്ടിരിക്കും. ഏതുവസ്തുവിനോടാണോ കൂടുതല് സ്നേഹമുള്ളത് തീര്ച്ചയായും അന്തിമത്തില് അത് ഓര്മ്മവരും. ബാബ കുട്ടികള്ക്ക് മനസ്സിലാക്കി തരുന്നു ഒരു വസ്തുവും ലോഭത്തിന് വശപ്പെട്ട് ഒളിപ്പിച്ച് വെയ്ക്കരുത്. യജ്ഞത്തില് നിന്ന് എല്ലാ വസ്തുക്കളും ലഭിക്കും. എന്തെങ്കിലും ഒളിപ്പിച്ച് വെയ്ക്കുകയാണെങ്കില് ബുദ്ധി തീര്ച്ചയായും കുടുങ്ങും. ബാബയുടെ ആജ്ഞയാണ് - ശിവബാബയുടെ ഭണ്ഡാരിയാണ്- കുട്ടികള്ക്ക് എല്ലാം തന്നെ ലഭിക്കണം. ഇന്നവരുടെ സാരി വളരെ നന്നായിട്ടുണ്ട് എനിക്കും ധരിക്കണം, ഇങ്ങനെയും ചിന്ത വരരുത്. നോക്കൂ, നിങ്ങള് ബാബയില് നിന്ന് രാജധാനിയുടെ സമ്പത്തെടുക്കാനാണോ വന്നത് അതോ സാരിയുടെ സമ്പത്തെടുക്കാനാണോ വന്നത്? ആരാണോ സേവനം ചെയ്യുന്നത് അവരില് എല്ലാം സമര്പ്പണമാകും. പറയൂ, ഞങ്ങള്ക്ക് ശിവബാബയുടെ ഭണ്ഡാരിയില് നിന്ന് ലഭിക്കാത്തതൊന്നും തന്നെ ധരിക്കാന് സാധിക്കില്ല. നമ്മള് യജ്ഞത്തില് നിന്നാണ് സ്വീകരിക്കുന്നതെങ്കില് ബാബയുടെ ഓര്മ്മ ഉണ്ടായിരിക്കും. ശിവബാബയുടെ ഭണ്ഡാരത്തില് നിന്നാണ് ഇത് ലഭിച്ചത്. അല്ലെങ്കില് മോഷണത്തിന്റെയെല്ലാം ശീലം വരും. നോക്കൂ ഇവിടെ ത്യാഗം ചെയ്യുകയാണെങ്കില് അവിടെ ഒന്നാന്തരം സാധനങ്ങള് ലഭിക്കും. ശിവബാബ ഇടക്കിടക്ക് കുട്ടികളുടെ പരീക്ഷയും നടത്തുന്നുണ്ട്. നോക്കും എത്ര ദേഹ-അഭിമാനമുണ്ട്. നിങ്ങളുടെ വാക്കാണ് എന്ത് കഴിപ്പിക്കുന്നോ,എന്ത് ധരിപ്പിക്കുന്നോ....ഉള്ളില് മനസ്സിലാക്കണം ഇത് ശിവബാബയാണ് നല്കുന്നത്. ഇത്രയും ഫസ്റ്റ്ക്ലാസ് അവസ്ഥ ഉണ്ടായിരിക്കണം. ബാബയില്നിന്ന് പൂര്ണ്ണമായും സമ്പത്തെടുക്കണമെങ്കില് ശ്രീമതത്തിലൂടെ പരിപൂര്ണ്ണമായും പുരുഷാര്ത്ഥം ചെയ്യൂ. ബാബയുടെ നിര്ദ്ദേശത്തിലൂടെ നടക്കൂ. ബാബയെന്നും മമ്മയെന്നും പറയുന്നുണ്ടെങ്കില് പൂര്ണ്ണമായും പിന്തുടരൂ. എല്ലാവര്ക്കും വഴി പറഞ്ഞ് കൊടുക്കൂ. ബാബയില് നിന്ന് സമ്പത്ത് ലഭിച്ചിരുന്നു, ഇപ്പോള് വീണ്ടും ലഭിച്ചുകൊണ്ടിരിക്കുന്നു. ഓര്മ്മയുടെ യാത്ര നടത്തിക്കൊണ്ടിരിക്കൂ. ബാബ മനസ്സിലാക്കിതരുന്നു - നിങ്ങള് എത്രത്തോളം ബലവാനാകുന്നോ അത്രയും ശക്തിയോടെ മായ വരും. നിങ്ങള് എന്തിനാണ് സംശയിക്കുന്നത്? പല കുട്ടികള്ക്കും ബാബ എഴുതാറുണ്ട് നിങ്ങള് വളരെ സേവനം ചെയ്യുന്നവരാണ്. മായയുടെ കൊടുങ്കാറ്റ് വരും - എന്താ ആയുസ്സ് മുഴുവനും ബ്രഹ്മചര്യത്തില് കഴിയുമെന്നോ? വാര്ദ്ധക്യത്തില് പോലും വന്ന് കറക്കും. വിവാഹം കഴിക്കാം, അത് ചെയ്യാം. മായ വൃദ്ധനെ പോലും യുവാവാക്കി മാറ്റും. ഇങ്ങനെ ഇടിക്കും. നിങ്ങള് എന്തിനാണ് പേടിക്കുന്നത്? ഇനി എത്ര തന്നെ കൊടുങ്കാറ്റ് വരട്ടെ ബാബയെ ഓര്മ്മിക്കുന്നതിലൂടെ രക്ഷപ്പെടും ശരി!

വളരെക്കാലത്തെ വേര്പാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ

ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലര്കാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികള്ക്ക് നമസ്ക്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ലോഭത്തിന് വശപ്പെട്ട് ഒരു വസ്തുവും തന്റെയടുത്ത് ഒളിപ്പിച്ച് വയ്ക്കരുത്. ബാബയുടെ ആജ്ഞയിലൂടെ നടന്നുകൊണ്ടിരിക്കണം.

2) ബാബ എന്ത് കഴിപ്പിക്കുന്നോ, എന്ത് ധരിപ്പിക്കുന്നോ, ഒരു ശിവബാബയുടെ ഭണ്ഡാരത്തില് നിന്ന് തന്നെ സ്വീകരിക്കണം. ദേഹ-അഭിമാനത്തിലേക്ക് വരരുത്. മമ്മാ ബാബയെ പൂര്ണ്ണമായും പിന്തുടരണം.

വരദാനം :- സര്വ്വ ഖജനാവുകളെയും വിതരണം ചെയ്ത് വര്ദ്ധിപ്പിച്ച് സദാ നിറവുള്ളവരായിരിക്കുന്ന ബാലകനും അധികാരിയുമായി ഭവിക്കട്ടെ.

ബാബ എല്ലാ കുട്ടികള്ക്കും ഒരേപോലെയുള്ള ഖജനാവുകള് നല്കി ബാലകനും അധികാരിയുമാക്കി മാറ്റിയിട്ടുണ്ട്. ഖജനാവ് എല്ലാവര്ക്കും ഒരേപോലെയാണ് ലഭിച്ചിട്ടുള്ളത്, പക്ഷെ അഥവാ ആര്ക്കെങ്കിലും നിറയുന്നില്ലെങ്കില് അതിന് കാരണം ഇതാണ്, ഖജനാവിനെ സംരക്ഷിക്കാനും വര്ദ്ധിപ്പിക്കാനും അറിയില്ല. വര്ദ്ധിപ്പിക്കാനുള്ള മാര്ഗ്ഗമാണ് വിതരണം ചെയ്യുക, സംരക്ഷിക്കുന്നതിന്റെ രീതിയാണ് ഖജനാവിനെ ഇടക്കിടക്ക് ചെക്ക് ചെയ്യുക. ശ്രദ്ധയും പരിശോധനയും-ഈ രണ്ട് കാവല്ക്കാരും ശരിയാണെങ്കില് ഖജനാവ് സദാ സുരക്ഷിതമായിരിക്കും.

സ്ലോഗന് :- ഓരോ കര്മ്മവും അധികാരി സ്ഥിതിയുടെ നിശ്ചയത്തോടെയും ലഹരിയോടെയും ചെയ്യൂ എങ്കില് പരിശ്രമം ചെയ്യേണ്ടിവരില്ല.